• മലയിൻകീഴ് ഗോപാലകൃഷ്ണൻ msgktvm@gmail.com

# കാലഘട്ടത്തിന്റെ കഥ പറയുന്ന ജീവചരിത്രം




**പി വിശ്വംഭരൻ**
**ഗാന്ധിയൻ സോഷ്യലിസ്റ്റ്**
ജീവചരിത്രം
അജിത് വെണ്ണിയൂർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
വില: 200 രൂപ

വ്യത്യസ്തവും സാഹസികവുമായ വഴികളിലൂടെ സഞ്ചരിച്ച് സമൂഹത്തിനു വഴികാട്ടിയ വ്യക്തിയുടെ ജീവിതാനുഭവങ്ങളും ആ വ്യക്തി കടന്നുപോയ വഴിത്താരയിലെ സംഭവങ്ങളും കൂട്ടിയിണക്കി പുതിയ തലമുറയ്ക്ക് കൈമാറുകയാണ് ഒരു യഥാർഥ ജീവചരിത്ര ഗ്രന്ഥത്തിന്റെ ദൗത്യം. ചരിത്രത്തിന്റെ നേർസാക്ഷ്യങ്ങൾ കൂടിയാകണം അവ. അത്തരമൊരു ജീവചരിത്രമാണ് മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ അജിത് വെണ്ണിയൂർ രചിച്ച 'പി വിശ്വംഭരൻ- ഗാന്ധിയൻ സോഷ്യലിസ്റ്റ്'

തിരുവിതാംകൂർ വിദ്യാർഥി കോൺഗ്രസ് പ്രവർത്തകൻ, സ്റ്റേറ്റ് കോൺഗ്രസ് നേതാവ്, പത്രപ്രവർത്തകൻ, എഴുത്തുകാരൻ, സോഷ്യലിസ്റ്റ് നേതാവ്, തിരു-കൊച്ചി നിയമസഭാംഗം, കേരള നിയമസഭാംഗം, പാർലമെന്റംഗം, ട്രേഡ് യൂണിയൻ നേതാവ്, എൽഡിഎഫ് പ്രഥമ കൺവീനർ, ഗാന്ധിയൻ ജീവിതശൈലി പിന്തുടർന്ന മാതൃകാ സോഷ്യലിസ്റ്റ് തുടങ്ങി നിരവധി നിലകളിൽ മുക്കാൽ നൂറ്റാണ്ടുകാലം കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ തികഞ്ഞ സംശുദ്ധിയോടെ നിറഞ്ഞുനിന്ന നേതാവായിരുന്നു പി വിശ്വംഭരൻ.

ആദർശങ്ങളിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറാകാതെ തനിക്ക് ശരിയെന്നു തോന്നിയ കാര്യങ്ങൾ ആരുടെയും മുഖത്തുനോക്കി പറയാൻ ധൈര്യപ്പെട്ടു. തൊട്ടുകൂടായ്മയുടെ ദുഷ്ഫലങ്ങൾ അനുഭവിച്ചുവളർന്ന വിശ്വംഭരൻ ബ്രിട്ടീഷ് ഭരണവും രാജഭരണവും സ്വാതന്ത്ര്യസമരവും ജനകീയ സർക്കാരുകളുടെ വാഴ്ചകളും വീഴ്ചകളുമടക്കം ചരിത്രസംഭവങ്ങൾക്ക് സാക്ഷ്യംവഹിച്ചു. അത് യഥാതഥമായ നാടകീയ മുഹൂർത്തങ്ങളിലൂടെ ഗ്രന്ഥകാരൻ ഈ പുസ്തത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

സ്വാതന്ത്ര്യസമരകാലഘട്ടം, തിരുവിതാംകൂർ ഉത്തരവാദപ്രക്ഷോഭണം, രാജഭരണത്തിൽനിന്ന് ജനാധിപത്യത്തിലേക്കുള്ള സംക്രമണം, തിരുവിതാംകൂറിലെ ആദ്യത്തെ ജനകീയഭരണം, തിരു-കൊച്ചി സംയോജനം, ഐക്യകേരളം, മന്ത്രിസഭകളുടെ ഉദയാസ്തമയങ്ങൾ, കോൺഗ്രസിലെയും സോഷ്യലിസ്റ്റ് പാർടികളിലെയും പിളർപ്പുകൾ, അടിയന്തരാവസ്ഥക്കാലത്തെ ഇരുണ്ടദിനങ്ങൾ, ജനത-ജനതാദൾ കാലഘട്ടത്തിലെ ദേശീയ-സംസ്ഥാന രാഷ്ട്രീയം, കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും മുന്നണി രാഷ്ട്രീയത്തിന്റെയും മുന്നേറ്റങ്ങളും വിജയപരാജയങ്ങളും എന്നിങ്ങനെ പുതിയ തലമുറ അവശ്യം അറിഞ്ഞിരിക്കേണ്ട ഒട്ടനേകം രാഷ്ട്രീയ സന്ദർഭങ്ങളും സംഭവവികാസങ്ങളും വിശ്വംഭരന്റെ ജീവിതവുമായി സന്ദർഭോചിതം കൂട്ടിയിണക്കി വസ്തുനിഷ്ഠമായിത്തന്നെ വിവരിച്ചിട്ടുണ്ട്. വിശ്വംഭരന്റെ ആത്മകഥയെഴുതിക്കാൻ പലരും നടത്തിയ ശ്രമം പരാജയപ്പെട്ടതിനെ തുടർന്നാണ് ജീവചരിത്രരചനയ്ക്ക് ആലോചന തുടങ്ങിയതെന്ന് ഗ്രന്ഥകാരൻ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 364 പുറങ്ങളുള്ള ഈ പുസ്തകത്തിലെ 24 പുറങ്ങൾ രാഷ്ട്രീയപ്രാധാന്യമുള്ള അത്യപൂർവ ചിത്രങ്ങളാൽ സമ്പന്നം. തെരഞ്ഞെടുത്ത ചില നിയമ-ലോക്സഭാ പ്രസംഗങ്ങളടക്കം ഏഴ് അനുബന്ധങ്ങളുമുണ്ട്. നിരവധി ചരിത്രസംഭവങ്ങളിലേക്ക് വെളിച്ചംവീശുന്ന അപൂർവരേഖകളാണ് അവയോരോന്നും.

ഒരു നോവലിന്റെ പ്രതീതി ജനിപ്പിച്ചുകൊണ്ടാണ് ആദ്യ അധ്യായത്തിന്റെ തുടക്കം. താണ ജാതിയിൽപ്പെട്ട കുട്ടികൾക്ക് ദാഹജലം പോലും കിണറ്റിൽനിന്നു കോരിക്കുടിക്കാൻ പറ്റാത്ത വിശ്വംഭരന്റെ കുട്ടിക്കാലം വേദനയോടെ മാത്രമേ വായിക്കാൻ കഴിയൂ. നവോത്ഥാനത്തിന്റെ മാറ്റൊലി അലയടിക്കാൻ തുടങ്ങിയ പിന്നീടുള്ള കാലത്ത് ശ്രീനാരായണഗുരുവിന്റെയും അയ്യൻകാളിയുടെയും ഓർമകളിലൂടെ ആദ്യ അധ്യായം കടന്നുപോകുന്നു. തുടർന്നുള്ള അധ്യായങ്ങളും വിശ്വംഭരന്റെ ജീവിതത്തിലെ നിർണായക വഴിത്തിരിവുകളെ അടയാളപ്പെടുത്തുന്ന അവിസ്മരണീയ സംഭവങ്ങളോടെയാണ് ആരംഭിക്കുന്നത്. വ്യത്യസ്തമായ ഈ രചനാശൈലി ഗ്രന്ഥത്തിന്റെ വായനാക്ഷമത ഉയർത്തുന്നു.